**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3178** **25-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ ഗവൺമെൻറ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ഗവൺമെൻറ് എൽ.പി. സ്കൂൾ കെട്ടിടം ആര്യവൈദ്യശാലയുടെ മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും പൊതുവിദ്യാഭ്യാസ വകുപ്പും സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കോട്ടയ്ക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിന്റെ സ്ഥലവും ആര്യവൈദ്യശാല യുടെ സ്ഥലവും പരസ്പരം കൈമാറുന്നതി നായുള്ള 'അർത്ഥനാപത്രം' പൊതു വിദ്യാഭ്യാസ ഡയറക്ടർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലാ കളക്ടർ, കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറി, ആര്യവൈദ്യശാല മാനേജിംഗ് ട്രസ്റ്റി, മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ ചേർന്ന് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും ഇറങ്ങിയ ഉത്തരവ് മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | റവന്യൂ വകുപ്പിന്റെ ഉത്തരവ് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളുടെ കൈമാറ്റത്തിനായുള്ള ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കും നൽകുമോ; വിശദമാക്കുമോ? | (സി) | റവന്യൂ വകുപ്പിന്റെ ഉത്തരവ് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളുടെ കൈമാറ്റത്തിനായുള്ള ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ